# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5182 — 30.06.2014 ൽ മറുപടിയ്ക്ക്

### വനത്തിന് പുറത്തുള്ള ജൈവവൈവിധ്യം സംരക്ഷിക്കാൻ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വർക്കല കഹാർ<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.എം.എ.വാഹീദ്<br>ശ്രീ.ഷാഫി പറമ്പിൽ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) വനത്തിന് പുറത്തുള്ള പുരയിടങ്ങളിലെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br>1. 'വയനാട്ടിലെ കിഴങ്ങുവർഗ്ഗ വൈവിധ്യ സംരക്ഷണവും അവയുടെ പ്രചാരണവും' എന്ന ദ്വവത്സര പദ്ധതി ഇടവക ഗ്രാമപഞ്ചായത്തിൽ നടപ്പാക്കി കഴിഞ്ഞു. ഈ സാമ്പത്തിക വർഷം ആലപ്പുഴ ജില്ലയിൽ ഓണാട്ടുകരയിൽ സമാന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>2. വെച്ചൂർ, ചെറുവള്ളി പശുക്കളുടെ സംരക്ഷണ പദ്ധതി വെച്ചൂർ കൺസർവേഷൻ ട്രസ്റ്റ് വഴി നടപ്പാക്കി കഴിഞ്ഞു.<br>3. ഹൈറേഞ്ച് ഡ്വാർഫ് പശുക്കളുടെ സംരക്ഷണ പദ്ധതി എലപ്പുള്ളി ഗ്രാമപഞ്ചായത്തിലെ ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി (ബി.എം.സി) മുഖേന നടപ്പാക്കി കഴിഞ്ഞു. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | തനത് കാർഷിക വിളയിനങ്ങളുടെയും കന്നുകാലികളുടെയും സംരക്ഷണവും പ്രചാരണവുമാണ് ഈ പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്. ഇടവക ഗ്രാമപഞ്ചായത്ത് ബി.എം.സി.യുടെ മേൽനോട്ടത്തിലാണ് കാട്ടിൽ നിന്നും കർഷകരുടെയിടയിൽ നിന്നും നടീൽവസ്തു ശേഖരിച്ചത്. ഇടവക പഞ്ചായത്തിലെ |

ഒരേക്കറോളം സ്ഥലത്തും കർഷകരുടെ കൃഷിയിടങ്ങളിലും പരമ്പരാഗത ഇനങ്ങൾ കൃഷി ചെയ്തു. ഇന്ന് അപൂർവ്വമായിക്കൊണ്ടിരിക്കുന്ന ഈ കിഴങ്ങുവർഗ്ഗങ്ങളുടെ കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനും വ്യാപകമാക്കുന്നതിനുമായി ജനകീയ ജൈവവൈവിധ്യ പരിപാലന സമിതികളുടെ ആഭിമുഖ്യത്തിൽ ഒരു പദ്ധതി ഓണാട്ടുകര പഞ്ചായത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

വെച്ചൂർ കൺസർവേഷൻ ട്രസ്റ്റിന്റെ നേതൃത്വത്തിൽ വെച്ചൂർ, ചെറുവള്ളി എന്നീ തനത് കന്നുകാലിയിനങ്ങളെ സംരക്ഷിക്കുകയും കൃത്രിമ ബീജാധാനം വഴി വംശവർദ്ധനവുമാണ് നടപ്പാക്കിയത്.

പാലക്കാട് ജില്ലയിലെ എലപ്പുള്ളി ഗ്രാമപഞ്ചായത്തിൽ അവശേഷിക്കുന്ന നൂറോളം ഹൈറേഞ്ച് ഡ്വാർഫ് പശുക്കളെ സംരക്ഷിക്കുന്നതിനുള്ള ദ്വിവത്സര പദ്ധതി ബി.എം.സി. മുഖേന നടപ്പിലാക്കി.

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ?

(സി) ഇടവക ഗ്രാമപഞ്ചായത്ത് ബി.എം.സി. മുഖേന 'വയനാട്ടിലെ കിഴങ്ങുവർഗ്ഗ വൈവിധ്യ സംരക്ഷണവും അവയുടെ പ്രചാരണവും' എന്ന പദ്ധതിയും, ഓണാട്ടുകര ബി.എം.സി. മുഖേന 'കിഴങ്ങുവർഗ്ഗ വൈവിധ്യ സംരക്ഷണവും അവയുടെ പ്രചാരണവും' എന്ന പദ്ധതിയും, വെച്ചൂർ കൺസർവേഷൻ ട്രസ്റ്റ് മുഖേന 'വെച്ചൂർ, ചെറുവള്ളി പശുക്കളുടെ സംരക്ഷണ പദ്ധതിയും എലപ്പുള്ളി ബി.എം.സി. മുഖേന 'ഹൈറേഞ്ച് ഡ്വാർഫ് പശുക്കളുടെ സംരക്ഷണ' പദ്ധതിയുമാണ് നടപ്പാക്കിയിട്ടുള്ളത്.

[signature]

സെക്ഷൻ ഓഫീസർ